പുന്നപ്ര സഹകരണ ആശുപത്രി പ്രവർത്തനങ്ങൾ ശക്തമാക്കാൻ നടപടി

105 (445) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര സഹകരണ ആശുപത്രിക്ക് ശിലാസ്ഥാപനം നടത്തിയത് എന്ന് ; ആര് ; വ്യക്തമാക്കാമോ ;

(ബി) സഹകരണ ആശുപത്രിയുടെ പ്രവർത്തനം എന്നാണ് ആരംഭിച്ചത് ആരാണ് ഉത്ഘാടനം ചെയ്തത് ; വിശദമാക്കാമോ ;

(സി) സഹകരണ ആശുപത്രിക്ക് എത്ര സ്ഥലമാണ് നിലവിലുള്ളത് ; ഈ സ്ഥലം സഹകരണ ആശുപത്രിക്ക് കൈമാറിക്കിട്ടിയ നടപടി വിശദീകരിക്കുമോ ;

(ഡി) പ്രസ്തുത സ്ഥലത്തിന് കമ്പോളവില അനുസരിച്ച് ഇപ്പോൾ എത്ര വില വരും ;

(ഇ) ഇപ്പോഴത്തെ സഹകരണ മന്ത്രി അവിടെ എത്ര തവണ സന്ദർശിച്ചു എന്തെല്ലാം ചടങ്ങുകൾ നിർവ്വഹിച്ചു ; വ്യക്തമാക്കാമോ ;

(എഫ്) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വിശ്രമ മുറികൾ പ്രവർത്തന ക്ഷമമായോ ; ഇല്ലെങ്കിൽ എന്ന് പ്രവർത്തനക്ഷമമാകും ;

(ജി) ആശുപത്രിയിലെ തിരക്ക് ഒഴിവാക്കുന്നതിന് 2010-ൽ തീരുമാനിച്ച പുതിയ ബഹുനില മന്ദിരം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; സഹകരണ വകുപ്പുമന്ത്രി ചെയർമാനും സ്ഥലം എം.എൽ.എ. വൈസ് ചെയർമാനായും ഒരു അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുമോ ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുന്നപ്ര സഹകരണ ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എത്ര തവണ യോഗം ചേർന്നു ; പ്രധാന തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി മാസത്തിൽ രണ്ടു തവണയെങ്കിലും യോഗം ചേരാൻ നടപടി സ്വീകരിക്കുമോ ; രാഷ്ട്രീയ ലക്ഷ്യങ്ങളോടുകൂടിയ വിവാദങ്ങളിൽ നിന്നും പുന്നപ്ര സഹകരണ ആശുപത്രിയെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-2-2009-ൽ അന്നത്തെ സഹകരണ വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനാണ് പുന്നപ്ര സഹകരണ ആശുപത്രിക്ക് ശിലാസ്ഥാപനം നടത്തിയത്.

(ബി) പുന്നപ്ര സഹകരണ ആശുപത്രിയുടെ പ്രവർത്തനം 29-8-2010-ൽ ആരംഭിച്ചു. അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉത്ഘാടനം നിർവ്വഹിച്ചു.

(സി) പുന്നപ്ര സഹകരണ ആശുപത്രിക്ക് 1.77 ഏക്കർ സ്ഥലമാണുള്ളത്. ഈ സ്ഥലം കേപ്പ് ഡയറക്ടറുടെ പേരിലാണ്.

(ഡി) സർക്കാർ ഭൂമിയായതിനാൽ വില നിശ്ചയിച്ചിട്ടില്ല.

(ഇ) സഹകരണ മന്ത്രി 3 (മൂന്ന്) തവണ ആശുപത്രി സന്ദർശിച്ചു. 16-9-2011-ൽ പേവാർഡ് ഉദ്ഘാടനത്തിനും 27-3-2013-ൽ കേപ്പിന്റെ 136-ാം എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിനും 12-1-2014-ൽ കാത്ത് ലാബ് ഉദ്ഘാടനത്തിലും സഹകരണ വകുപ്പുമന്ത്രി പങ്കെടുത്തു.

(എഫ്) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച വിശ്രമ മുറികൾ പ്രവർത്തനക്ഷമമാണ്.

(ജി) സഹകരണ ആശുപത്രിയിൽ എത്തുന്ന രോഗികളുടെ എണ്ണം കൂടുന്നതിനനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്. അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്ന കാര്യം ആലോചിച്ചുവരുന്നു. പുതിയ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. രാഷ്ട്രീയ ലക്ഷ്യങ്ങളോടുകൂടിയ വിവാദങ്ങളിൽ പുന്നപ്ര സഹകരണ ആശുപത്രി ഉൾപ്പെടാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

പുന്നപ്ര സഹകരണ ആശുപത്രിയുടെ പ്രവർത്തനം

106 (446) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര സഹകരണ ആശുപത്രിയിൽ ഏതെല്ലാം ചികിത്സാ വിഭാഗങ്ങളാണ് നിലവിലുള്ളത്;

(ബി) പുന്നപ്ര സഹകരണ ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയാവിഭാഗം